## കയർ അധിഷ്ഠിത വ്യവസായങ്ങൾ

56(1593) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ അധിഷ്ഠിത വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് നിലവിൽ എന്തെല്ലാം പദ്ധതികളാണുള്ളതെന്നും ഏതെല്ലാം സ്ഥാപനങ്ങൾ ഇതിനായി സമ്പത്തിക സഹായം ചെയ്യുന്നുവെന്നും വിശദമാക്കാമോ;

(ബി) കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ വഴി കയർ സംരംഭകർക്ക് സഹായം നൽകുന്നതിന് പദ്ധതിയിട്ടിട്ടുണ്ടോ ; ആയത് നടപ്പിലാക്കുമ്പോൾ സംരംഭകർക്ക് സബ്സിഡി അനുവദിക്കുമോ;

(സി) കയർ ഉത്പന്നങ്ങളുടെ വിപണനത്തിനും പ്രചരണത്തിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) കയർഫെഡിന്റേതെന്ന് പറഞ്ഞ് വ്യാജ ഉത്പന്നങ്ങൾ വിപണിയിൽ വിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

### ഉത്തരം

(എ) കയർ മേഖലയെ സംരക്ഷിക്കുന്നതിനായി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

1. കയർ സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ പദ്ധതി പ്രകാരം സ്ഥിര /പ്രവർത്തന മൂലധനം നൽകുന്നു.
2. കയർ സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനം ഉൾപ്പെടെയുള്ള ധനസഹായം നൽകി വരുന്നു.
3. കയറിന്റെയും കയർ ഉൽപ്പന്നങ്ങളുടെയും വിൽപ്പനയ്ക്കുള്ള വിപണി വികസന സഹായം (50% സംസ്ഥാന വിഹിതം) (എം.ഡി.എ) നൽകിവരുന്നു.
4. കയർ മേഖലയിലെ സംരംഭകർക്ക് മാർജിൻ മണി വായ്പ നൽകുന്നു.
5. പ്രത്യേക നിക്ഷേപ സഹായ പദ്ധതിയിലൂടെ (Special Investment Subsidy) സബ്സിഡി നൽകി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

6. കയർ വ്യവസായത്തിൽ നിയന്ത്രിത യന്ത്രവൽക്കരണം നടപ്പിലാക്കുന്നു.

7. ഉൽപ്പാദനവും വിപണന പ്രചോദനവും(പി.എം.ഐ.) പദ്ധതിയിലൂടെ ആനുകൂല്യം നൽകിവരുന്നു.

8. വില വ്യതിയാനം പരിഹരിക്കുന്നതിനുള്ള ഫണ്ട് നൽകിവരുന്നു.

9. കയർ മേഖലയിൽ ക്ലസ്റ്റർ വികസന പരിപാടി നടപ്പിലാക്കി വരുന്നു.

10. കയർ സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം നൽകുന്നു.

11. കയർ ജിയോ ടെക്സ്റ്റയിൽസ് വികസന പരിപാടി നടപ്പിലാക്കുന്നു.

12. ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കി വരുന്നു.

13. കയർ തൊഴിലാളികൾക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കി വരുന്നു.

(ബി) കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ വഴി കയർ സംരംഭകർക്ക് സഹായം നൽകുന്നതിന് പദ്ധതികൾ നിലവിലില്ല.

(സി) കയറിന്റെയും കയറുൽപ്പന്നങ്ങളുടെയും വിൽപ്പനയ്ക്കുള്ള വിപണി വികസന സഹായമായി 50% സംസ്ഥാന വിഹിതവും 50% കേന്ദ്ര വിഹിതവും മാർക്കറ്റ് ഡവലപ്മെന്റ് അസിസ്റ്റൻസ് (എം.ഡി.എ.) എന്ന പദ്ധതിയിലൂടെ നൽകിവരുന്നു. കഴിഞ്ഞ മൂന്ന് വർഷത്തെ വിൽപ്പനയുടെ ശരാശരിയുടെ 10% വിപണന വികസന സഹായമായി നൽകുന്നു. ഉൽപ്പാദനവും വിപണന പ്രചോദനവും എന്ന പദ്ധതിയിലായി കേരള സംസ്ഥാന കയർ കോർപ്പറേഷൻ, മാറ്റ്സ് & മാറ്റിംഗ്സ് സഹകരണ സംഘങ്ങൾ, പ്രാഥമിക കയർ സംഘങ്ങൾ, അപ്പക്സ് സൊസൈറ്റി എന്നിവ വഴി കയറിന്റെയും റബ്ബർ അധിഷ്ഠിത ഉൽപ്പന്നങ്ങളും ഭ്രവസ്ത്രവും ഉൾപ്പെടെയുള്ള കയറുൽപ്പന്നങ്ങളുടെയും ഉൽപ്പാദനവും കയറ്റുമതി ഉൾപ്പെടെയുള്ള വിപണനവും പ്രോത്സാഹിപ്പിക്കുന്നതിന് കഴിഞ്ഞ വർഷത്തെ വിൽപ്പനയുടെ 10% പി.എം.ഐ. ആയി നൽകുന്നു. കയർ ഉൽപ്പന്നങ്ങളുടെയും യാണിന്റെയും ചകിരിയുടെയും വില വ്യതിയാനം പരിഹരിക്കുന്നതിന് ഉത്പന്നങ്ങളുടെ ചെലവിനനുസൃതമായ വിലയ്ക്ക് ഉൽപ്പന്നങ്ങൾ സംഭരിക്കുന്നതിനും ഉൽപ്പാദിപ്പിക്കുന്നതിനും കയർഫെഡ്, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളെ സജ്ജമാക്കുന്നതിനും പി.പി.എസ്.എസ്. പദ്ധതി നടപ്പിലാക്കുന്നു. വിപണനം പരസ്യവും പ്രചാരണവും പദ്ധതിപ്രകാരം വിപണി ശക്തിപ്പെടുത്തുന്നതിനായി കയർ സഹകരണ സംഘം, പൊതുമേഖലാ സ്ഥാപനങ്ങൾ ഇവയ്ക്ക് മേളകൾ, പ്രദർശനങ്ങൾ ഇവ സംഘടിപ്പിക്കുന്നതിനും അന്താരാഷ്ട്ര മേളകളിൽ പങ്കെടുക്കുന്നതിനും ബയർ/സെല്ലർ മീറ്റുകളിൽ പങ്കെടുക്കുന്നതിനും സഹായം നൽകുന്നു.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

958/2017

LIBRARY ARCHIVES Kerala Legislative Assembly